ശ്രീ. ആർ. ശങ്കർ : സാധാരണ ഉദ്യോഗത്തിനു് രണ്ടു യോഗ്യതകളും വേണം. ഒന്നു് വിദ്യാഭ്യാസപരമായ യോഗ്യതകളും. രണ്ടു് സ്വഭാവപരമായ യോഗ്യതകളും. വിദ്യാഭ്യാസപരമായ യോഗ്യതകളെപ്പറ്റി പബ്ലിക്കു് സർവ്വീസു് കമ്മിഷൻ അന്വേഷണം നടത്തി നോക്കുന്നതാണു്. അതിൽ വിദ്യാഭ്യാസപരമായ യോഗ്യതകളും ഉണ്ടെന്നു് തെളിഞ്ഞാൽ ഉദ്യോഗത്തിനു് അവരെ അഡ്വൈസു് ചെയ്യും. അതിനുശേഷം സ്വഭാവപരമായ യോഗ്യതകളുണ്ടോ എന്നുള്ളതിനെപ്പറ്റി അന്വേഷിക്കുന്നതിനാണു് പോലീസു് വെരിഫിക്കേഷൻ ഏർപ്പെടുത്തിയിരിക്കുന്നതു്.

ശ്രീ. ഈ. പി. ഗോപാലൻ : ഇങ്ങനെ സ്വഭാവപരമായ യോഗ്യതകളും നോക്കുന്നതു് അതായതു കാലത്തുള്ള ഗവണ്മെന്റുകളെ ആശ്രയിച്ചാണിരിക്കുന്നതുകൊണ്ടു്, അപ്പോഴത്തെ നിലവിലിരിക്കുന്ന ഗവണ്മെന്റിനു് ഇഷ്ടമുള്ളവരുടെ സ്വഭാവം നല്ലതും മറ്റുള്ളവരുടേതു് ദുഃസ്വഭാവവും ആയിരിക്കുമെന്നുള്ള പതിവനുസരിച്ചല്ലേ ഇതു് നിശ്ചയിക്കുന്നതു് ?

ശ്രീ. ആർ. ശങ്കർ : അങ്ങനെയൊരു പതിവില്ല.

ശ്രീ. കെ. എം. ജോർജ്ജു് : പി. എസ്. സി. സെലക്റ്റു ചെയ്യുകയോ ഉദ്യോഗത്തിനു് അപേക്ഷിക്കുകയോ ചെയ്തിട്ടുള്ളതിൽ എത്ര പേരുടെ, അല്ലെങ്കിൽ എത്ര ശതമാനം ആളുകളുടെ തൊഴിൽ നിഷേധിക്കപ്പെട്ടിട്ടുണ്ടെന്നു് പറയുമോ ?

ശ്രീ. ആർ. ശങ്കർ : ഒരു ശതമാനത്തിനു് താഴെ മാത്രമേ വരികയുള്ളൂ.

ശ്രീ. പി. ബാലചന്ദ്രമേനോൻ : ഈയിടെ റെയിൽ തൊഴിലാളികളിൽ ചിലരെ സ്വഭാവപരമായ ദൂഷ്യം ഉണ്ടെന്നു് പറഞ്ഞു പിരിച്ചു വിട്ടിട്ടുള്ളതു് തെറ്റാണെന്നു് സുപ്രീം കോടതിയുടെ വിധിയുണ്ടായിട്ടുള്ളതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആ ഉത്തരവു് അനുസരിച്ചു് ഇതുവരെ ഗവണ്മെന്റിൽനിന്നും നടത്തിയിട്ടുള്ള പോലീസു് വെരിഫിക്കേഷൻ ശരിയാണെന്നാണോ ഗവണ്മെന്റിന്റെ അഭിപ്രായം ?

ശ്രീ. ആർ. ശങ്കർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സുപ്രീം കോർട്ടിലെ വിധിയെപ്പറ്റി പ്രത്യേകമായി അന്വേഷിക്കാതെ എന്തെങ്കിലും പറയാൻ നിവൃത്തിയില്ല. പോലീസു് വെരിഫിക്കേഷൻ എല്ലാം നീതിപൂർവ്വകമായി നടത്തുന്നുവെന്നാണു് ഗവണ്മെന്റിന്റെ വിശ്വാസം.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : നെയ്യാറിൻകര സബ് രജിസ്ട്രാർ ഓഫീസിൽ ക്ലാർക്കായ ഒരു രാമചന്ദ്രൻ നായരെ ഇക്കാരണത്താൽ പിരിച്ചു വിടുകയുണ്ടായി. അതിനെപ്പറ്റി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ പ്രത്യേകമായി അന്വേഷിക്കുമോ ?

ശ്രീ. ആർ. ശങ്കർ : പ്രത്യേകമായി പരാതിപ്പെട്ടാൽ അതിനെപ്പറ്റി ഗവണ്മെന്റിൽനിന്നും അന്വേഷിക്കാവുന്നതാണു്.

മലേറിയ സപ്ലയലൻസു് വർക്കേഴ്സു് അസോസിയേഷന്റെ നിവേദനം

*836. [4] †ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സംസ്ഥാനത്തു് മലമ്പനി നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ പൊതുജനാരോഗ്യ വകുപ്പിന്റെ കീഴിൽ ജോലി ചെയ്യുന്നവരെത്ര ;

(ബി) ഇവരുടെ അവശതകളെസംബന്ധിച്ചു മലേറിയ സപ്ലയലൻസു് വർക്കേഴ്സു് അസോസിയേഷൻ എന്തെങ്കിലും നിവേദനം നടത്തിയിട്ടുണ്ടോ ;

† Put by Shri M. C. Abraham.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എന്തെല്ലാം ;

(ഡി) അതിന്മേൽ ഗവണ്മെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാം?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 2951 പേർ.

(ബി) ഉണ്ട്.

(സി, ഡി) വിവരങ്ങൾ അടങ്ങിയ ഒരു † ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ : ഇവർക്ക് ഏപ്രിൽ ഒന്നാം തീയതിക്ക് മുമ്പുതന്നെ വേറെ എന്തെങ്കിലും ജോലി കൊടുക്കാൻ കഴിയുമെങ്കിൽ, ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിൽ, എത്ര പേർക്ക് കൊടുക്കാൻ കഴിയുമെന്നുള്ളതിനെപ്പറ്റി ഒരു തീരുമാനം എടുത്തിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. ഇതിനെസംബന്ധിച്ച് ഹെൽത്തിന്റെ ഡിമാന്റു വന്ന അവസരത്തിൽ ഞാൻ മറുപടി പറഞ്ഞ കൂട്ടത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ : അതിനശേഷമാണല്ലോ ഈ ചോദ്യം ഇവിടെ ഉന്നയിക്കുന്നത്. അതുകൊണ്ട് അതിനശേഷം വല്ല വിവരവും കിട്ടിയിട്ടുണ്ടെങ്കിൽ അറിഞ്ഞാൽ കൊള്ളാം.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കൃത്യമായി പറയാൻ നിവൃത്തിയില്ല. ഏപ്രിൽ ഒന്നാം തീയതിക്ക് മുമ്പ് കുറച്ചുപേരെ നിയമിക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ക്ഷയരോഗികൾക്ക് ധനസഹായം

* 837. [3] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ട്രഷറിലെ ക്ഷയരോഗികൾക്കുള്ള എത്ര ധനസഹായ അപേക്ഷകൾ ഈ ഡിസംബർ അവസാനംവരെ ഗവണ്മെന്റിലേക്ക് കിട്ടി ;

(ബി) ഓരോ ജില്ലകളിലും എത്ര അപേക്ഷകൾവീതം എന്നു പറയാൻ ദയവുണ്ടാകുമോ ;

(സി) എത്ര അപേക്ഷകൾക്ക് ഇതിനകം സഹായധനം കൊടുത്തു ?

Mr. Speaker : Question No. 3 has already been answered.

Shri E. P. Gopalan : Part (c) has not been answered.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

എല്ലാം ആൻസർ ചെയ്തു കഴിഞ്ഞിട്ടുള്ളതാണ്. അതിനശേഷം ഒരു വിവരവും കിട്ടിയിട്ടില്ല.

ശ്രീ. ഇ. പി. ഗോപാലൻ : അന്ന് എല്ലാറ്റിന്റെയും ഉത്തരം പറഞ്ഞിട്ടുണ്ടെന്നുള്ളതു് അറിയാം. ഇതിന് നടപടി എടുത്തുകൊണ്ടിരിക്കുന്നു എന്ന അഭിപ്രായം ആണെന്നുണ്ടെങ്കിൽ, അതിനശേഷം ആർക്കും ഒന്നും കൊടുത്തിട്ടില്ലെന്നാണോ ധരിക്കേണ്ടതു് ?

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly